പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4190

27.06.12ൽ മറുപടിയ്ക്ക്

## ധർമ്മടം നിയോജക മണ്ഡലത്തിൽ ടൂറിസം വികസന പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.നാരായണൻ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| ധർമ്മടം നിയോജക മണ്ഡലത്തിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി ഏതെല്ലാം പ്രവൃത്തികൾ നടക്കുന്നുണ്ട് എന്നും ഇത് ഏതൊക്കെ ഘട്ടത്തിലാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ? | ധർമ്മടം ബീച്ചിലെ സിവിലും ഇലക്ട്രിക്കലും അധിക പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2/2012 -ൽ 51 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ ഇപ്പോൾ അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.<br><br>സുനാമി പുനരധിവാസ പദ്ധതിയിൻ കീഴിൽ സുനാമി ഫണ്ടുപയോഗിച്ച് ടൂറിസം വകുപ്പ് നടപ്പിലാക്കിയ ധർമ്മടം ബീച്ച് വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2006 -07 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ധന സഹായത്തോടുകൂടി ധർമ്മടം ദ്വീപിന്റെയും മുഴുപ്പിലങ്ങാട് ബീച്ചിന്റെയും വികസനത്തിനായി 356 ലക്ഷം രൂപയുടെ ഒരു പദ്ധതി പൂർത്തീയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ